# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4725 05.02.2014 ലെ മറുപടിക്ക്**

**അന്യസംസ്ഥാനങ്ങളിലെ നോർക്ക സാറ്റലൈറ്റ് ഓഫീസുകൾ**

ചോദ്യം — മറുപടി

ശ്രീ. ഹൈബി ഈഡൻ
,, കെ. അച്ചുതൻ
,, ആർ. സെൽവരാജ്
,, വി.റ്റി. ബൽറാം

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നോർക്ക അന്യസംസ്ഥാനങ്ങളിൽ സാറ്റലൈറ്റ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) നോർക്ക-റൂട്ട്സിന്റെ പ്രവർത്തനങ്ങൾ മറുനാടൻ മലയാളികളുടെ ഇടയിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനും നോർക്ക റൂട്ട്സിന്റെ സേവനങ്ങൾ താമസംവിനാ ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചാണ് മലയാളികൾ കൂടുതലുള്ള ചെന്നൈയിലും, ബറോഡയിലും, ബാംഗ്ലൂരിലും, ഹൈദരാബാദിലും സാറ്റലൈറ്റ് ഓഫീസുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. |
| (സി) പ്രവാസി മലയാളികളെ സഹായിക്കാൻ എന്തെല്ലാം സേവനങ്ങളാണ് ഇവിടെ നടത്തി വരുന്നത്; വിശദമാക്കുമോ; | സി) NRK ഇൻഷ്വറൻസ് കാർഡിന്റെ അപേക്ഷ സ്വീകരിക്കലും വിതരണവും പ്രവാസി ക്ഷേമ നിധിയിലേയ്ക്കുള്ള അപേക്ഷകളുടെ സ്വീകരിക്കൽ നോർക്ക പദ്ധതികളുടെ ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിക്കുക, പ്രവാസി സംഘടനകളുമായി സംവേദനം നടത്തുക, പ്രവാസി മലയാളികളുടെ |

| | |
|---|---|
| | പരാതികൾക്ക് കേരള സർക്കാർ വഴി തീർപ്പുണ്ടാക്കുക തുടങ്ങിയ കാര്യങ്ങളും പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, പ്രവാസി സംഗമങ്ങൾ തുടങ്ങിയവയും സാറ്റലൈറ്റ് ഓഫീസുകൾ വഴി അന്യ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ഇത് പ്രവർത്തിച്ചു വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) തമിഴ്നാട്, ഗുജറാത്ത്, ആന്ധ്രപ്രദേശ്, കർണാടക, എന്നീ സംസ്ഥാനങ്ങളിലാണ് ഇത് പ്രവർത്തിച്ചു വരുന്നത്. തമിഴ്നാട്ടിലുള്ള ഓഫീസ് ചെന്നൈയിലെ കോൺഫെഡറേഷൻ ഓഫ് തമിഴ്നാട് മലയാളി അസോസിയേഷന്റെ ഓഫീസ് കെട്ടിടത്തിലും, ബറോഡയിലെ ഓഫീസ് ബറോഡ കേരള സമാജത്തിന്റെ ഓഫീസ് കെട്ടിടത്തിലും ഹൈദ്രാബാദിലെ ഓഫീസ് മെട്രോ പാംഗ്രോവ് അപ്പാർട്ട്മെന്റ്, സോമജിഗുഡ, ഹൈദ്രാബാദിലും, ബാംഗളൂർ ഓഫീസ് ഫെഡറേഷൻ ഓഫ് ആൾ ഇന്ത്യാ മറുനാടൻ മലയാളി അസോസിയേഷന്റെ (FAIMA) Usloor ൽ ഉള്ള എസ്സ്.എൻ സമിതിയുടെ കെട്ടിടത്തിലുമാണ് പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ